സംയോജിത ജലഗതാഗത പദ്ധതി

10 (*10) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലഗതാഗതം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സംയോജിത ജലഗതാഗത പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ പദ്ധതി എവിടെയൊക്കെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാന ജലഗതാഗത വകുപ്പിന്റെയും, കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന്റെയും പ്രവർത്തനത്തെ ഈ പദ്ധതി ഏതു വിധത്തിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ :

(സി) നിലവിലെ രണ്ടു ഏജൻസികളുടെ സർവ്വീസുകൾ കാര്യക്ഷമമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; ജലയാനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ,

(എ) ഉണ്ട്. കൊച്ചിയുടെ ജലഗതാഗതം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ഒരു സമഗ്രമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുകയും സംസ്ഥാന സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കുകയും ചെയ്തു. ഈ പദ്ധതിയിൽ കൊച്ചി നഗരവും വടക്ക് വരാപ്പുഴ, തെക്ക് കമ്പളം, കിഴക്ക് ഇൻഫോ പാർക്ക് വരെയുള്ള 36 സ്ഥലങ്ങളെ സംയോജിപ്പിച്ച് നാല് വർഷംകൊണ്ട് പദ്ധതി പൂർത്തീകരിക്കാനാണ് ഉദ്ദേശ്യം. ജലഗതാഗത നവീകരണത്തോടൊപ്പം ബോട്ട് ജെട്ടി നവീകരണം, ബോട്ട് ജെട്ടിയിലേയ്ക്കുള്ള പാതകളുടെ നിർമ്മാണം, വഴി വിളക്കുകൾ സ്ഥാപിക്കൽ, ബോട്ട് ജെട്ടിയിലേയ്ക്ക് യാത്രക്കാർക്ക് എത്തുവാനുള്ള ചെറു ബസ്സുകൾ ഏർപ്പെടുത്തൽ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിക്ക് 682.01 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ജർമ്മൻ ബാങ്കായ ക്രെഡിറ്റൻസ്റ്റാൾട്ട് ഫർ വെദർവബു (KFW) പദ്ധതിയുടെ 80% ചെലവ് ദീർഘകാല വായ്പയായി തരാമെന്ന് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. പദ്ധതിക്ക് ഇന്ത്യ-ജർമ്മൻ സർക്കാരുകളുടെയും അനുമതി ആവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല ; സംസ്ഥാന ജലഗതാഗത വകുപ്പിന്റേയും കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന്റെയും നിലവിലുള്ള പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാത്തരീതിയിൽ സർവ്വീസുകൾ നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) ഇല്ല ; സംസ്ഥാന ജലഗതാഗത വകുപ്പ് കേരളത്തിൽ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, കണ്ണൂർ, കാസർഗോഡ് എന്നീ ആറ് ജില്ലകളിലായി 14 സ്റ്റേഷൻ ഓഫീസുകൾ കേന്ദ്രീകരിച്ച് 51 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുവരുന്നു. തടി ബോട്ടുകൾ മാത്രം സർവ്വീസ് നടത്തിക്കൊണ്ടിരുന്ന സ്ഥാനത്ത് ബോട്ട് സർവ്വീസുകൾ കാര്യക്ഷമവും സുരക്ഷിതവുമാക്കുന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതിക രീതിയിലുള്ള സ്റ്റീൽ ബോട്ടുകൾ നിർമ്മിച്ചുവാങ്ങി ജലഗതാഗത വകുപ്പ് സർവ്വീസുകളിൽ ഉൾപ്പെടുത്തുകയുണ്ടായി. കസാറ്റ്, കേരള ഇറമുഖ വകുപ്പ് മുതലായവയിലെ സാങ്കേതിക വിദഗ്ധർ അടങ്ങുന്ന ടീമിന്റെ നേതൃത്വത്തിൽ നിർമ്മിച്ച 45 സ്റ്റീൽ ബോട്ടുകൾ പുതുതായി സർവ്വീസിൽ ഉൾപ്പെടുത്തുവാൻ ജലഗതാഗത വകുപ്പിന് സാധിച്ചിട്ടുണ്ട്. ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനും ബോട്ടുകളുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനുമായി ഇൻലാന്റ് നാവിഗേഷൻ മേഖലയിൽ സർക്കാർതലത്തിൽ കേരളത്തിൽത്തന്നെ ആദ്യമായി ആലപ്പുഴ ജില്ലയിലെ പോഞ്ഞിക്കരയിൽ 7.78 കോടി രൂപ ചെലവിൽ പുതിയ ഡ്രൈ ഡോക്കിന്റെയും 1.82 കോടി രൂപ ചെലവിൽ 4 ബോട്ടുകൾ ഒരേസമയം അറ്റകുറ്റപ്പണികൾ നടത്തുവാൻ സാധിക്കുന്ന തരത്തിലുള്ള പുതിയ സ്ലിപ്പ് വേയുടെയും നിർമ്മാണം പൂർത്തീകരിക്കുകയും ബോട്ടുകളുടെ റിപ്പയർ പണികൾ കാര്യക്ഷമമായി നടത്തിവരികയും ചെയ്യുന്നു. ബോട്ടുകളിൽ സുരക്ഷ ഉറപ്പാക്കുന്നതിനായി ജീവൻരക്ഷാ ഉപകരണങ്ങൾ ഏർപ്പെടുത്തുകയും മുഴുവൻ ജീവനക്കാർക്കും കൃത്യമായ പരിശീലനം നൽകുകയും ചെയ്തു. പൊതുജനങ്ങൾക്ക് മികച്ച രീതിയിൽതന്നെ സേവനങ്ങൾ നൽകുന്നതിനായി ജലഗതാഗത വകുപ്പ് ആത്മാർത്ഥമായി പരിശ്രമിച്ചുവരുന്നു.

സംസ്ഥാന ജലഗതാഗത വകുപ്പിന്റെ എല്ലാ ജലയാനങ്ങളും കേരള ഇൻലാന്റ് വെസൽ റൂൾസ് 2010 (KIV 2010) അനുശാസിക്കുന്ന എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടാണ് സർവ്വീസ് നടത്തിവരുന്നത്. ഇറമുഖ വകുപ്പിന്റെ കൃത്യമായ ഫിറ്റ്നെസ് പരിശോധനാടിസ്ഥാനത്തിൽ ലഭിക്കുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ ഉള്ള ബോട്ടുകൾ മാത്രമാണ് വകുപ്പ് സർവ്വീസിന് ഉപയോഗിക്കുന്നത്. വകുപ്പുവക ബോട്ടുകളിൽ യാത്രക്കാരുടെയും ജീവനക്കാരുടെയും സുരക്ഷ ഉറപ്പാക്കുന്നതിനായി ലൈഫ് ബോയന്റ്, ബോയന്റ് അപ്പാരറ്റസ്, ഫയർ എക്സ്റ്റിംഗ്യൂഷൻ എന്നീ സുരക്ഷാ ഉപകരണങ്ങളും എല്ലാ യാത്രക്കാർക്കും ലൈഫ് ജാക്കറ്റും സജ്ജമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ബോട്ടുകൾക്ക് തേർഡ് പാർട്ടി ഇൻഷ്വറൻസും യാത്രക്കാർക്കും ജീവനക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷയും സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പുവഴി ഉറപ്പാക്കിയിട്ടുണ്ട്. കാലപ്പഴക്കംചെന്ന തടിബോട്ടുകൾ ആധുനിക രീതിയിലുള്ള സ്റ്റീൽ ബോട്ടുകൾ ഉപയോഗിച്ച് നവീകരിക്കുകയും സുരക്ഷ ഉറപ്പു വരുത്തുകയും ചെയ്യുവരുന്നു. അടിയന്തര സാഹചര്യങ്ങളെ നേരിടുവാൻ ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകുകയും ആശയ വിനിമയത്തിനായി ബോട്ടുകളിൽ സി.യു.ജി. സംവിധാനവും ജലഗതാഗത വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്.

കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന്റെ കീഴിലുള്ള ജലയാനങ്ങളുടെ രജിസ്ട്രേഷൻ സമയാസമയം പുതുക്കുക, സർവ്വേകൾ നടത്തുക, ആവശ്യമായ ജീവൻരക്ഷാ ഉപകരണങ്ങൾ ജലയാനങ്ങളിൽ ഉണ്ടെന്ന് ഉറപ്പുവരുത്തുക തുടങ്ങിയ സുരക്ഷാ നടപടികൾ എല്ലാംതന്നെ സ്വീകരിക്കുന്നുണ്ട്.

പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി

11 (*11) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടാൻ സർക്കാർ തീരുമാനമുണ്ടോ ;

(ബി) ഏത്ര റാങ്ക് ലിസ്റ്റുകളുടെ കാലാവധിയാണ് നിലവിൽ നീട്ടിയിട്ടുള്ളത് ;

(സി) കൂടുതൽ റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടണമെന്ന ആവശ്യത്തിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ,

(എ) നാലര വർഷം പൂർത്തിയാകാത്തതും ആറ് മാസത്തിനകം കാലാവധി അവസാനിക്കുന്നതുമായ പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നാലര വർഷം പൂർത്തിയാകുന്നതുവരെയോ, പുതിയ റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്നതുവരെയോ എന്ന രീതിയിൽ (ഏതാണോ ആദ്യം) ആറ് മാസത്തേയ്ക്കുകൂടി ദീർഘിപ്പിക്കുവാൻ സർക്കാർ പി.എസ്.സി.യോട് ശിപാർശ ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 30-9-2015-ന് നിലവിലുള്ളതും 31-3-2016 വരെയുള്ള കാലയളവിൽ അവസാനിക്കുന്നതും നാലര വർഷം പൂർത്തിയാക്കാത്തതുമായ എല്ലാ റാങ്ക് ലിസ്റ്റുകളുടെയും കാലാവധി ചില വ്യവസ്ഥകൾക്ക് വിധേയമായി 31-3-2016 വരെ (6 മാസത്തേയ്ക്ക്) പി.എസ്.സി. ദീർഘിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly